LIBRARY ARCHIVES Kerala Legislative Assembly

സി.എം.ഡി.ആർ.എഫ്. അപേക്ഷകൾ

88(92) ശ്രീ. മോൻസ് ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ സി.എം.ഡി.ആർ.എഫ്. അപേക്ഷകർക്ക് മുഖ്യമന്ത്രി ധനസഹായം അനുവദിച്ചുവെങ്കിലും നാളിതുവരെ അപേക്ഷ നമ്പരുകൾ സി.എം.ഡി.ആർ.എഫ്. നമ്പർ 30576 തീയതി 13-6-2014, 34676 തീയതി 11-10-2013, 52499 തീയതി 11-11-2014, 15179, 15177 തീയതി 23-5-2014 എന്നിവ പ്രകാരം ബന്ധപ്പെട്ട വ്യക്തികൾക്ക് ധന സഹായം ലഭിക്കുന്നതിലുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത അപേക്ഷയിൽ ആവശ്യമായ രേഖകൾ സമർപ്പിച്ചുവെങ്കിലും ധന സഹായം അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ;

(സി) ഇവർക്ക് ധന സഹായം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഉടൻ പുറപ്പെടുവിക്കുമോ ; ഇവരുടെ അപേക്ഷയിൽ എന്തെങ്കിലും പോരായ്മയുണ്ടായിട്ടുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് അറിയിപ്പ് നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കാമോ; അറിയിപ്പ് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ചില അപേക്ഷകർ യഥാസമയം സമർപ്പിക്കാത്തതിനാലാണ് ധന സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്.

(ബി&സി) എല്ലാ അപേക്ഷകർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു*.

ജനസമ്പർക്ക പരിപാടി

89 (93) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രി 2015-ൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ ഓരോ ജില്ലയിലും എത്ര പരാതികൾ ലഭിച്ചുവെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എത്ര പരാതികൾക്ക് ഇതിനകം പരിഹാരം കണ്ടെത്തിയിട്ടുണ്ട് ;

(സി) ജനസമ്പർക്ക പരിപാടി 2015-ൽ ധനസഹായമായി എത്ര തുക അനുവദിച്ചുവെന്ന് ജില്ല തിരിച്ച് അറിയിക്കാമോ ;

(ഡി) ധനസഹായം അനുവദിച്ചത് എന്തെല്ലാം ആവശ്യങ്ങൾക്കാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ജനസമ്പർക്ക പരിപാടി 2015 പതിമൂന്ന് ജില്ലകളിൽ പൂർത്തിയായിട്ടുണ്ട്. ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് 94,55,21,000 രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ചികിത്സ, ഭവന പുനരുദ്ധാരണം, മരണാനന്തര സഹായം, നിർദ്ധനരായ വിദ്യാർത്ഥികൾക്ക് പഠന സഹായം, വികലാംഗർക്ക് സഹായം, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിധവകൾക്കുള്ള സഹായം, കിടപ്പു രോഗികൾക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കുമുള്ള ധനസഹായം തുടങ്ങിയ ആവശ്യങ്ങൾക്കാണ് ധനസഹായം അനുവദിച്ചത്.

ജനസമ്പർക്ക പരിപാടി

90 (94) ശ്രീ. കെ. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയായ കരുതൽ 2015-ലേക്ക് അപേക്ഷ സ്വീകരിച്ച് തുടങ്ങിയത് ഏത് തീയതി മുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത തീയതിക്കുശേഷം നാളിതുവരെ മുഖ്യമന്ത്രിയുടെ ഓഫീസിലേക്ക് ജനസമ്പർക്ക പരിപാടിമുഖേന അല്ലാതെ ദുരിതാശ്വാസനിധിയിലേക്കുള്ള എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) മറ്റ് വിവിധതരത്തിലുള്ള എത്ര പരാതികൾ ലഭിച്ചുവെന്നും ഇതിൽ ജനസമ്പർക്ക പരിപാടിവഴിയല്ലാതെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിച്ച അപേക്ഷകൾ എത്രയെന്നും വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ ലഭിച്ച അപേക്ഷകളിൽ ഏതെങ്കിലും ജനസമ്പർക്ക പരിപാടിവഴി തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര പരാതികൾ എന്നും ഏതെല്ലാം തരത്തിലുള്ളവയെന്നും ഇനം തിരിച്ച് നൽകുമോ ?

---

*. ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly